പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.2513

18.07.2011-ൽ മറുപടിക്ക്.

പുനലൂർ തൂക്കുപാലത്തിന്റെ പുനരുദ്ധാരണം

ചോദ്യം

ശ്രീ. കെ. രാജു.

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ പുനലൂർ തൂക്കുപാലത്തിന്റെ നാളിതുവരെയുള്ള പുനരുദ്ധാരണ പ്രവർത്തികൾ വിശദമാക്കുമോ ? | (എ) | പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമായ കൊല്ലം ജില്ലയിലെ പുനലൂർ തൂക്കുപാലത്തിന്റെ സംരക്ഷണപണികൾക്കായി 12-ാം ധനകാര്യ കമ്മീഷൻ (2009-10) 78 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. രണ്ടു ഘട്ടങ്ങളിലായുള്ള പണികൾ സർക്കാർ ഏജൻസിയായ KITCO Ltd മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഒന്നാം ഘട്ട പണികളായ sted work and alied works പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. രണ്ടുഘട്ടങ്ങളിലുമായുള്ള പണികൾക്ക് 7771021/- രൂപ ഡിപ്പോസിറ്റായി KITCO Ltd-ന് നൽകിയിട്ടുണ്ട്. രണ്ടാം ഘട്ട പണികളായ wood works for deck-ന്റെ പണികൾക്കാവശ്യമുള്ള കമ്പകം/തമ്പകം തടി പൊതുവിപണിയിൽ ലഭ്യമല്ലാതിരുന്നതിനാൽ വനം വകുപ്പുമായി പല പ്രാവശ്യം ബന്ധപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പുനലൂർ അച്ചൻകോവിൽ ഡിവിഷനുകളിൽ തടികൾ ലഭ്യമാണെന്ന് അറിയിക്കു |

| | | | |
|---|---|---|---|
| | | | കയും അതിൻ പ്രകാരം തടികൾ വനം വകുപ്പിൽ നിന്നും ഏറ്റെടുക്കുന്നതിന് കൊല്ലം ചീഫ് കൺസർവേറ്ററുമായി ബന്ധപ്പെടുവാൻ KITCO യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്പോൾ പുനരുദ്ധാരണ പ്രവർത്തികൾക്ക് തടസ്സങ്ങൾ ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ: | (ബി) | പുനലൂർ തൂക്കുപാലത്തിന്റെ രണ്ടാംഘട്ട സംരക്ഷണ പണികൾക്കുള്ള കമ്പകം/ തമ്പകം തടി ലഭ്യമാകാതിരുന്നതാണ് പ്രവർത്തികൾക്ക് തടസ്സമുണ്ടായത്. |
| (സി) | പുനരുദ്ധാരണ പ്രവർത്തനം അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.